Minister for Finance and Revenue (**Sri. A. J. John**): Yes.

ശ്രീ. എൻ. പി. വറഗീസ്: ഗവമ്മെണ്ട് ഇതിൽ എന്തു നടപടിയാണെടുത്തതു?

ശ്രീ. എ. ജെ. ജോൺ: ഒരു കെട്ടിടം കെട്ടി ഗവ.മ്മെണ്ടിനെ എല്പിക്കുകയെന്നുള്ള കാര്യമാണ് ഇപ്പോഴുള്ളതു. അവർ കെട്ടിടം ഗവമ്മെണ്ടിനെ എല്പിക്കുന്നതായാൽ ഇതേപ്പറ്റി ആലോചിക്കുന്നതാണ്.

HOSPITAL AT KUZHITHURAI

*964. [57] **Sri. R. Chellaswami Nadar**: Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether the Government have received representations from the public of Kuzhithurai to open a hospital at Kuzhithurai; and

(*b*) whether any steps have been taken to open the hospital?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ & ബി) കിട്ടിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു: അതിന്മേൽ ഇപ്പോൾ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: ചീഫ്മിനിസ്റ്റർ ഇതിനെപ്പറ്റി പരിശോധിക്കാമെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: പരിശോധിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു: ആ ആലോചന എങ്ങിനെയിരിക്കുന്നു?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴും അങ്ങിനെതന്നെയിരിക്കയാണ്.

Short Notice Question

ടി. ബി. ക്ലിനിക്കു്

*൪. (൧) സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി ടി. ബി. ക്ലിനിക്കു് പ്രവർത്തനം ആരംഭിച്ചുവോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതല്ക്കാണു്;

(സി) ഇതുവരെയും യാതൊരു മരുന്നും അവിടെ എത്തിയിട്ടില്ല എന്നുള്ള വിവരം അറിയാമോ;

(ഡി) ആശുപത്രി തുറന്നതുമുതൽ ദിവസവും വന്നുകൊണ്ടിരിക്കുന്ന രോഗികൾക്കും നിരാശപ്പെട്ടുപോകാതിരിപ്പാൻ മരുന്നുകൾ ഉടൻ എടുക്കുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ, ബി) മട്ടാഞ്ചേരി ടി. ബി. ക്ലിനിക്കു് ൧൯൫൦ ഒക്ടോബർ ൧൦-ാം തീയതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ആവശ്യമുള്ള മരുന്നുകൾ അവിടെ ലഭിക്കുന്നുണ്ട്.

(ഡി) രോഗികൾക്കു് ആവശ്യമായ ചികിത്സ ലഭിച്ചുപോരുന്നുണ്ട്.

ശ്രീ. എം. ഐ. പാപ്പു: അവിടെ ഒരു ഡാക്ടറെയുള്ളുവെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേരുണ്ടെന്നാണ് എന്റെ ഓർമ്മ.

LIBRARY ARCHIVES Kerala Legislative Assembly